

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തവനൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം. 17/2322/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 30/11/2024
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തവനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തവനൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തവനൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. 17/2322/2024 തീയ്യതി: 30/11/2024

മലപ്പുറം ജില്ലയിലെ തവനൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തവനൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-12-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	23-10-2024	01-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-10-2024	01-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൾ സത്താർ. സി. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനീത് ബാബു. കെ. റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. നസീറ. സി. പി.	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. അബ്ദുൾ സലീം. ടി.	സെക്രട്ടറി	01-04-2023	13-07-2023
ശ്രീ. രാജേഷ്. ആർ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	14-07-2023	07-08-2023
ശ്രീമതി. പ്രീതി. കെ. എം.	സെക്രട്ടറി	08-08-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാജേഷ്. ആർ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി. അഷ്ന. ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024

ശ്രീമതി. ബിന്ദു നടുവാലത്ത്.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	30-06-2023
ശ്രീ. നൗഷാദ്. കെ. വി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-07-2023	05-07-2023
ശ്രീമതി. ഏലിയാമ്മ ജേക്കബ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	06-07-2023	31-03-2024
ശ്രീമതി. മേരി മാനസ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി. ബിന്ദു. എസ്.	ഹെഡ്മിസ്ട്രസ്സ്	01-04-2023	31-03-2024
ഡോ. ശരത്ത്. എം. ബി.	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	01-04-2023	05-07-2023
ഡോ. വിജിത്ത് വിജയ് ശങ്കർ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)	06-07-2023	31-03-2024
ഡോ. സുസ്മിജ. കെ. വി.	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2023	31-03-2024
ഡോ. റോഷ്ന റഷീദ് കുട്ടി	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി. അനിഷ. കെ. എസ്.	ഡയറി എക്സ്റ്റൻഷൻ ഓഫിസർ	01-04-2023	31-03-2024
ശ്രീ. അംജദ്. കെ. പി. ഒ.	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2023	31-03-2024
ശ്രീമതി. നീതു തങ്കം. സി.	കൃഷി ഓഫീസർ	01-04-2023	04-06-2023
ഡോ. ആതിര. ജി. മേനോൻ	കൃഷി ഓഫീസർ	05-06-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.	1-1-2
4	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല.	1-1-3
5	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-4
6	ക്യാഷ് ഇൻ ഹാൻഡ് നീക്കിയിരിപ്പ് ആയി ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.	1-1-5
7	ചെലവുകൾക്ക് ജേണൽ രേഖപ്പെടുത്തുന്നതിലെ അപാകതകൾ.	1-1-6
8	സ്ഥിരനിക്ഷേപമായി കാണിച്ച തുക - അക്കൗണ്ടിംഗ്, രേഖകൾ എന്നിവയിലെ അപാകതകൾ	1-1-7
9	ഗ്രാന്റ് തുകകളിലെ നീക്കിയിരിപ്പും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-8
10	കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.	1-1-9
11	ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.	1-1-10
12	ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുകകൾ പൊരുത്തപ്പെടാതെ അവശേഷിക്കുന്നു.	1-1-11
13	ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുകകൾ പൊരുത്തപ്പെടാതെ അവശേഷിക്കുന്നു.	1-1-12
14	ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ അനാവശ്യമായി തുകകൾ രേഖപ്പെടുത്തി.	1-1-13
15	ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.	1-1-14
16	ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.	1-1-15
17	ബജറ്റ്	1-2
18	സാമ്പത്തിക വിശകലനം	1-3
19	ഫണ്ട് തുകകളിന്മേലുള്ള വ്യത്യാസം	1-4-1
20	ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)	1-4
21	പദ്ധതി അവലോകനം	1-5
22	തൊഴിലുറപ്പ് പദ്ധതി	1-6
23	ക്ഷേമപദ്ധതികൾ	1-7
24	ക്യാഷ് പരിശോധന.	1-8
25	ആഭ്യന്തര നിയന്ത്രണം	1-9
26	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
27	"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" : അവലോകനം	1-11
28	തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് വരവ് നഷ്ടത്തിന് കാരണമാകുന്നു.	1-12
29	തൊഴിൽ മേള സംഘടിപ്പിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത	1-13
30	എസ്.എസ്.കെ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല. ചെലവ് തുക ₹7,70,000/- തടസ്സം ചെയ്യുന്നു.	1-14
31	എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിയതിൽ ജി.എസ്.ടി - ടി.ഡി.എസ് നടത്തിയില്ല.	1-15
32	ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം - നിർവ്വഹണത്തിലെ അപാകതകൾ	1-16
33	നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി -ലേക്ക് തുക അടവാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക ₹13,30,332/- തടസ്സം ചെയ്യുന്നു.	1-17
34	തെരുവ് വിളക്ക് പരിപാലനത്തിനായി കെ.എസ്.ഇ.ബി യിലേക്ക് തുക അടവാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക ₹43,094/- തടസ്സം ചെയ്യുന്നു.	1-18
35	തുടർ സാക്ഷരത - കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്	1-19
36	വിദ്യാലയങ്ങളിൽ ഹൈടെക് ക്ലാസ്സ് മുറികൾ സ്ഥാപിക്കൽ - അനുബന്ധ രേഖകൾ	1-20

	ലഭ്യമാക്കിയില്ല	
37	സ്കൂൾ പാർലിമെന്റ് : പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല	1-21
38	ഹെഡ്മിസ്ട്രസ്സ് - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-22
39	പ്രീ പ്രൈമറി സ്കൂളുകൾക്ക് കളിയുപകരണങ്ങൾ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-23
40	മിനി പ്ലാനറ്റേറിയം - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.	1-24
41	പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.	1-25
42	മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകി - പിഴ ഈടാക്കിയില്ല	1-26
43	MGNREGS - സിമന്റ് വാങ്ങുന്നതിന് അധിക നിരക്ക് നൽകി.	1-27
44	വാങ്ങൽ നടപടികൾ പാലിക്കാതെ നടീൽ വസ്തുക്കൾ വാങ്ങി.	1-28
45	ഹോമിയോ മരുന്നു വാങ്ങൽ – മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല.	1-29
46	KMSCLൽ നിന്നും മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.	1-30
47	തെറാപ്പി ഉപകരണങ്ങൾ വാങ്ങൽ - കുറഞ്ഞ തുക ബിഡ് ചെയ്ത സപ്ലെയറിൽ നിന്നും വാങ്ങാതിരുന്നതിനാൽ അധിക ചെലവ്.	1-31
48	ലൈഫ് മിഷൻ (ജനറൽ) - ആദ്യ ഗഡു കൈപ്പറ്റിയതിന് ശേഷം ഭവന നിർമ്മാണം ആരംഭിച്ചില്ല.	1-32
49	ലൈഫ് മിഷൻ (പട്ടിക ജാതി) - ആദ്യ ഗഡു കൈപ്പറ്റിയതിന് ശേഷം ഭവന നിർമ്മാണം ആരംഭിച്ചില്ല	1-33
50	റിംഗ് കമ്പോസ്റ്റ് വിതരണം - കുറഞ്ഞ തുക ബിഡ് ചെയ്ത ടെണ്ടറുകൾ പരിഗണിച്ചില്ല - രേഖകൾ ലഭ്യമാക്കേണ്ടതാണ്	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം.	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം.	4-9
10	ഓഡിറ്റ് പ്രത്യവലോകനം.	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തവനൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 08.07.2024 തീയതിയിലെ 5(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 12.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തവനൂർ ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം
തീയതി : 30-11-2024

1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ബാലൻസ് ഷീറ്റിൽ 310900101, 350300101, 350410101 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2024 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹1,34,37,898), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹-23,05,755) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-5 ക്യാഷ് ഇൻ ഹാൻഡ് നീക്കിയിരിപ്പ് ആയി ക്രെഡിറ്റ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 ൽ 450100101 ശീർഷകം പ്രകാരം ക്യാഷ് ഇൻ ഹാൻഡ് നീക്കിയിരിപ്പ് ആയി ₹-786 (നെഗറ്റീവ് സംഖ്യ) എന്ന ക്രെഡിറ്റ് ബാലൻസ് ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-6 ചെലവുകൾക്ക് ജേണൽ രേഖപ്പെടുത്തുന്നതിലെ അപാകതകൾ.

താഴെപറയുന്ന ഇനങ്ങളിലെ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിന് ജേണൽ രേഖപ്പെടുത്താതിരിക്കുകയോ തെറ്റായി രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ ഉൾപ്പെട്ട കേന്ദ്ര ധനകാര്യ കമ്മിഷൻ അൺടൈഡ് (320200104), ടൈഡ് (320200113) ഗ്രാന്റ് ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം തൻവർഷത്തിൽ യഥാക്രമം ₹45,96,237/-, ₹46,25,819/- എന്നിങ്ങനെ ചെലവുണ്ടെങ്കിലും ഈ വിവരം ഇൻകം ആൻഡ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 (റെവന്യൂ ചെലവ്), ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-3 (ക്യാപിറ്റൽ ചെലവ്) എന്നിവയിലെ ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് ജേണൽ എൻട്രി നടത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സേവന പെൻഷൻ പോർട്ടലിൽ നിന്നുമുള്ള വിവരം പ്രകാരം തൻവർഷത്തിൽ വിതരണം ചെയ്ത താഴെപറയുന്ന തുകകൾക്ക് വാർഷിക കണക്ക് ഇൻകം ആൻഡ് എക്സ്പെന്റിച്ചർ പത്രിക ഷെഡ്യൂൾ I-6, I-14(D) എന്നിവയിലെ വരവ്, ചെലവ് ശീർഷകങ്ങളിൽ അക്രൂവൽ എൻട്രി രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നം.	ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)
1	വാർദ്ധക്യകാലപെൻഷൻ	2,77,54,300
2	കർഷകതൊഴിലാളി പെൻഷൻ	15,96,600
3	വിധവാപെൻഷൻ	1,30,23,100
4	50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	4,81,600
5	വികലാംഗപെൻഷൻ	48,09,500
	ആകെ	**4,76,65,100**

3. സംയുക്ത പ്രോജക്ടുകൾക്കായി തൻവർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ചെലവഴിച്ച തുക വാർഷിക കണക്ക് ഷെഡ്യൂൾ I-6 പ്രകാരം 38,11,000/- രൂപയും, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറായ സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരം 38,39,000/- രൂപയുമാണ്. 28,000/- രൂപയുടെ വ്യത്യാസം.

1-1-7 സ്ഥിരനിക്ഷേപമായി കാണിച്ച തുക - അക്കൗണ്ടിംഗ്, രേഖകൾ എന്നിവയിലെ അപാകതകൾ

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് കൈകാര്യം ചെയ്യുന്ന HDFC Bank Ponnani (50100406062082) ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 16.01.2024 തീയ്യതിയിൽ 50,00,000/- രൂപ FD BOOKED - 50300913628631: SECRETARY THAVANUR GRAMA PANCHAYATH എന്ന പേരിൽ ചെലവ് രേഖപ്പെടുത്തുകയും, ഇത് ബാങ്ക് ബുക്കിൽ 31.03.2024 തീയ്യതിയിലെ 22301511 നമ്പർ പേയ്മെന്റ് വൗച്ചർ, 42301324 നമ്പർ ജേണൽ വൗച്ചർ എന്നിവ മുഖേന 420800101 - Investments - Fixed Deposits എന്ന ശീർഷകത്തിൽ ഡെബിറ്റ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ്, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബ്രാഞ്ച് മാനേജർ 28.10.2024 തീയ്യതിയിൽ ഇഷ്യൂ ചെയ്ത ബാലൻസ് കൺഫെമേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 50300913628631 എന്ന അക്കൗണ്ടിൽ 31.03.2024 തീയ്യതിയിൽ 38,86,442/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. 50,00,000/- രൂപയിൽ നിന്നും ഇത് കുറവ് ചെയ്തിട്ടുള്ള 11,13,558/- രൂപ 320200104 - Development Fund - Central Finance Commission Grant - Basic Tax Grant ശീർഷകത്തിൽ 1230000538/31.03.2024 നമ്പർ രസീത് മുഖേന ക്രെഡിറ്റ് രേഖപ്പെടുത്തിയിട്ടുമുണ്ട്. 50300913628631 എന്ന അക്കൗണ്ടിന്റെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുകയോ, അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-8 ഗ്രാന്റ് തുകകളിലെ നീക്കിയിരിപ്പും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് തുകകളിലെ നീക്കിയിരിപ്പും B-17 ഷെഡ്യൂൾ പ്രകാരം ഇവയുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ഗ്രാന്റ് ശീർഷകം	ഗ്രാന്റ് നീക്കിയിരിപ്പ് (₹) [B-4 ഷെഡ്യൂൾ]	ബാങ്ക് അക്കൗണ്ട്	ബാങ്ക് നീക്കിയിരിപ്പ് (₹) [B-17 ഷെഡ്യൂൾ]	വ്യത്യാസം (₹)
Development Fund - Central Finance Commission Grant - Basic Tax Grant	1,00,27,977	HDFC Bank – (50100406062082)	32,23,533	1,57,85,639

Development Fund - Central Finance Commission Grant – Tied Fund	89,81,195
ആകെ	**1,90,09,172**

1-1-9 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം കാലാവധി കഴിഞ്ഞും പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് അക്കൗണ്ട് എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2024 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞവയാണ്.

ക്രമ നം	ചെക്ക് നം/തീയ്യതി	തുക (₹)	അക്കൗണ്ട്
1	2095884/17.04.2023	8,800	Sub Treasury, Ponnani (799013000000362)
2	2095884/17.04.2023	11,000	
3	2095884/17.04.2023	7,500	
4	2095884/17.04.2023	1,667	
5	2095884/17.04.2023	65,999	
6	147444/04.07.2023	600	
7	2095884/17.04.2023	12,602	
8	STALECHEQUE/01.04.2023	30,01,968	
9	6871518/05.12.2023	10,990	
10	6871518/05.12.2023	10,365	
11	6871519/12.12.2023	1,03,313	
12	2095884/17.04.2023	88,037	
13	147366/11.05.2023	700	Thavanur Service Co-Operative Bank (THAVSB001957)
	ആകെ	**33,23,541**	

1-1-10 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിച്ച താഴെപറയുന്ന ചെക്കുകൾ യഥാസമയം ക്ലിയർ ചെയ്യാത്തതിനാൽ 31.03.2024 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared എന്ന ഇനമായി പൊരുത്തപ്പെടാത്ത തുകയായി അവശേഷിയ്ക്കുന്നു.

ക്രമ നം	ചെക്ക്/വൗച്ചർ നം, തീയ്യതി	തുക (₹)	അക്കൗണ്ട്
1	1230000262/07.10.2023	5,020	Sub Treasury, Ponnani (799013000000362)
2	1230000263/07.10.2023	1,05,71,400	
3	1230000357/14.12.2023	1,03,313	
4	1230000358/15.12.2023	10,365	
5	1230000359/15.12.2023	10,990	
6	3288354/14.03.2023	41,250	Thavanur Service Co-Operative Bank (THAVSB001957)
	ആകെ	**1,07,42,338**	

1-1-11 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുകകൾ പൊരുത്തപ്പെടാതെ അവശേഷിക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ Directly Credited By Bank ആയി വന്ന താഴെപ്പറയുന്ന തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2024 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാത്ത തുകയായി അവശേഷിയ്ക്കുന്നു.

ക്രമ നം	ക്രെഡിറ്റ് തീയ്യതി	തുക (₹)	ബാങ്ക് അക്കൗണ്ട്
1	25.03.2023	2,393	Punjab National Bank Kuttippuram (4307000100356027)
2	13.04.2023	12,127	
3	10.05.2023	3,905	
4	30.05.2023	46	
5	01.08.2023	8,400	
6	01.08.2023	12	
7	14.08.2023	450	
8	01.09.2023	600	
9	08.05.2023	17,61,900	Sub Treasury, Ponnani

10	16.05.2023	17,61,900	(799013000000362)
11	24.05.2023	2,520	
12	06.06.2023	2,500	
13	07.06.2023	17,61,900	
14	11.07.2023	17,61,900	
15	02.09.2023	17,61,900	
16	19.09.2023	17,61,900	
17	18.10.2023	17,61,900	
18	05.12.2023	17,61,900	
19	15.12.2023	17,61,900	
20	03.05.2023	8,800	State Bank Of India Kuttippuram (67387968789)
21	04.05.2023	15,450	
22	04.05.2023	9,000	
23	04.05.2023	8,800	
24	04.05.2023	8,800	
25	04.05.2023	8,800	
26	31.07.2023	7,353	
27	30.09.2023	3,067	
28	31.10.2023	8,100	
29	30.11.2023	7,287	
30	31.12.2023	1,066	
31	31.01.2024	3,153	
32	29.02.2024	265	
	ആകെ	**1,59,79,994**	

2. ഗ്രാമപഞ്ചായത്തിലേയ്ക്ക് ഇ പേയ്മെന്റ് മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന State Bank Of India Kuttippuram (67387968789) ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്ന തുകകൾ യഥാസമയം പരിശോധിച്ച് അക്കൗണ്ട് ചെയ്യാത്തതിനാൽ 31.03.2024 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ 2023 മാർച്ച് മാസം വരെ പഴക്കമുള്ള അനേകം തുകകൾ ക്രമീകരിക്കപ്പെടാതെ Cheque Deposited But Not Cleared എന്ന ഇനത്തിൽ അവശേഷിക്കുന്നു. കൂടാതെ Punjab National Bank Kuttippuram (4307000100356027) എന്ന അക്കൗണ്ടിൽ 1220104500/03.12.2022 നമ്പർ രസീത് രേഖപ്പെടുത്തിയ തുകയും ഈയിനത്തിൽ പൊരുത്തപ്പെടാതെ അവശേഷിക്കുന്നു.

1-1-12 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുകകൾ പൊരുത്തപ്പെടാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിന്നും Directly Debited By Bank ആയി കുറവ് ചെയ്ത താഴെപ്പറയുന്ന തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2024 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാത്ത തുകയായി അവശേഷിയ്ക്കുന്നു.

ക്രമ നം	ഡെബിറ്റ് തീയ്യതി	തുക (₹)	ബാങ്ക് അക്കൗണ്ട്
1	25.03.2023	2,319	Punjab National Bank Kuttippuram (4307000100356027)
2	10.07.2023	600	Thavanur Service Co-Operative Bank (THAVSB001957)
3	31.01.2024	118	
4	21.12.2023	885	Punjab National Bank - KURDFC Loan Kuttippuram (4307000100363939)
5	18.04.2023	1,50,000	Sub Treasury, Ponnani (799013000000362)
6	12.04.2023	25,000	
7	12.04.2023	12,720	
8	12.04.2023	2,25,638	
9	13.04.2023	1,18,418	
10	19.04.2023	4,50,000	
11	19.04.2023	44,667	
12	19.04.2023	1,95,605	
13	12.04.2023	3,00,000	
14	18.04.2023	3,00,000	
15	04.05.2023	52,484	
16	12.04.2023	6,400	
17	13.04.2023	29,590	
18	13.04.2023	57,010	
19	12.04.2023	2,34,000	
20	18.04.2023	2,95,257	
21	13.04.2023	40,700	
22	18.04.2023	4,45,613	
23	12.04.2023	2,14,471	

	ആകെ	**32,01,495**	

1-1-13 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ അനാവശ്യമായി തുകകൾ രേഖപ്പെടുത്തി.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 31.03.2024 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിൽ യഥാർത്ഥത്തിൽ വ്യത്യാസം അല്ലാതിരുന്ന തുകകൾ ഒരേ സമയം കൂട്ടുകയും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

ക്രമ നം	ബാങ്ക്/ട്രഷറി അക്കൗണ്ട്	ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയത്	തീയ്യതി
1	Thavanur Service Co-Operative Bank (THAVSB001957)	Add ₹10,98,834/- (Directly Credited By Bank)	12.04.2023
		Less ₹10,98,834/- (Cash Or Cheque Deposited)	14.08.2023
2	Sub Treasury, Ponnani (799013000000362)	Add ₹4,921/- (Cheque Issued But Not Presented Into Bank (P))	08.06.2023
		Less ₹4,921/- (Cash Or Cheque Deposited)	11.12.2023
3	HDFC Bank Ponnani (50100406062082)	Add ₹1,234/- (Directly Credited By Bank)	31.03.2024
		Less ₹1,234/- (Directly Debited By Bank)	31.03.2024
4	Punjab National Bank Kuttippuram (4307000100356027)	Add ₹1,234/- (Directly Credited By Bank)	31.03.2024
		Less ₹1,234/- (Directly Debited By Bank)	31.03.2024
5	Federal Bank UPI Payment Thavanur (11710200002658)	Add ₹1,234/- (Directly Credited By Bank)	31.03.2024
		Less ₹1,234/- (Directly Debited By Bank)	31.03.2024

1-1-14 ഓഡിറ്റിൽ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. 31.03.2024 തീയ്യതിയിലെ വസ്തുനികുതി ഡി.സി.ബി സംഗ്രഹം (സഞ്ചയ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.
2. 72 സ്ഥാപനങ്ങളിലെ ജീവനക്കാർ 2023-24 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ ലിസ്റ്റ്, സ്റ്റേറ്റ്മെന്റ്, രസീത് വിവരം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇതിൽ ആദ്യത്തെ 14 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരം മാത്രമാണ് തൊഴിൽ നികുതി രജിസ്റ്ററിൽ രണ്ടാം അർദ്ധവർഷത്തിൽ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽ നികുതി (ഇൻസ്റ്റിറ്റ്യൂഷൻ) അടവാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിലേക്ക് പോസ്റ്റ് ചെയ്തിട്ടില്ല. തൊഴിൽ നികുതി (ട്രേഡേഴ്സ്) അബ്സ്ട്രാക്ട് തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ഈ ഇനങ്ങളിലെ തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല
3. ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെട്ട വിവിധ ശീർഷകങ്ങൾ പ്രകാരം തൻവർഷത്തിൽ നൽകിയതും ക്രമീകരിച്ചതുമായ തുകകളുടെ വൗച്ചർ തിരിച്ചുള്ള വിശദ വിവരത്തിന് പകരം വർഷാന്ത്യ അബ്സ്ട്രാക്ട് മാത്രമാണ് 2023-24 വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.
4. ലോൺ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരമുള്ള 330500201 - Secured Loans - Loan From KURDFC ശീർഷകത്തിലെ ₹2,72,27,001/- എന്ന നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
5. ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ പ്രത്യേകമായി ബാങ്ക് അക്കൗണ്ട് ഇല്ലാത്തവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
6. ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തായിട്ടില്ല.

1-1-15 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇൻകം ആൻഡ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I-17(A) പ്രകാരം ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

1-2 ബജറ്റ്

2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി	2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി
1(1)/18.03.2023 (പ്രത്യേക യോഗം)	1(1)/09.02.2024

1-3 സാമ്പത്തിക വിശകലനം

ഇനം	തുക (₹)
മുന്നിരിപ്പ്	6,45,26,701

വരവ്	23,14,98,320
ആകെ	29,60,25,021
ചെലവ്	23,38,04,075
നീക്കിയിരിപ്പ്	6,22,20,946

കുറിപ്പ്:- വാർഷിക കണക്ക് റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൂടെ, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാമൂഹിക സുരക്ഷാ പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവയും ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്. ഇതിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലുള്ള 4,76,65,100/- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തത് സംബന്ധിച്ച് ഖണ്ഡിക 1-1-6(2) ൽ പരാമർശിച്ചത് കാണുക.

1-4-1 ഫണ്ട് തുകകളിന്മേലുള്ള വ്യത്യാസം

വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

ക്രമ നം.	ഫണ്ടിനം	ചെലവ് തുക (₹)			വ്യത്യാസത്തിന് കാരണം
		ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	എ.സി.ആർ	വാർഷിക കണക്ക് (I-6 + B-3)	
1	വികസനഫണ്ട് (ജനറൽ)	2,35,37,729	2,13,78,281	2,35,37,729	അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 354, 358, 361 എന്നീ നമ്പറുകളിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 355, 359, 362 എന്നീ നമ്പറുകളിലുമായി സോഴ്സ് ഡിഡക്ഷൻ നടത്തിയ പ്രോജക്ടുകളുടെ ചെലവ് ₹21,59,448/- എ.സി.ആർ-ൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.
2	വികസനഫണ്ട് (എസ്.സി.പി.)	97,67,588	88,00,038	97,67,588	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 356, 360, 363 എന്നീ നമ്പറുകളിലായി സോഴ്സ് ഡിഡക്ഷൻ നടത്തിയ പ്രോജക്ടുകളുടെ ചെലവ് ₹9,67,550/- എ.സി.ആർ-ൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.
3	സംരക്ഷണഗ്രാന്റ് (റോഡിതരം)	88,60,944	91,00,935	88,60,944	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്/വാർഷിക കണക്ക്, എ.സി.ആർ എന്നിവ തമ്മിലുള്ള വ്യത്യാസമായ ₹2,39,991/- ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
4	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	46,25,819	46,25,819	0	തൻവർഷത്തെ ചെലവ് തുകയ്ക്ക് ജേണൽ എൻട്രികൾ നടത്താതിരുന്നതിനാലാണ് വാർഷിക കണക്കിൽ ഈ ഫണ്ടിനങ്ങളിൽ ചെലവ് പ്രതിഫലിക്കാതിരുന്നതെന്നും, പ്രസ്തുത ജേണൽ എൻട്രികൾ 2024-25 വർഷത്തിൽ രേഖപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കി.
5	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	45,96,237	45,96,237	0	

ഓഡിറ്റ് എൻകൗയറി നം. 20/30.10.2024 മുഖേന അപാകതകൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടിയായി

ലഭ്യമാക്കിയ വിശദീകരണങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി (₹)	തൻവർഷ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	2,74,14,552	2,74,14,552	2,13,78,281	60,36,271
വികസനഫണ്ട് (എസ്.സി.പി.)	0	1,19,82,450	1,19,82,450	88,00,038	31,82,412
സംരക്ഷണഗ്രാന്റ് (റോഡ്)	0	1,16,88,500	1,16,88,500	19,88,162	97,00,338
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	1,03,70,600	1,03,70,600	91,00,935	12,69,665
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	36,73,000	36,73,000	46,25,819	-9,52,819
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	0	48,97,000	48,97,000	45,96,237	3,00,763

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
274	23,67,63,119	167	10,80,73,943	-	107	60.94%

കുറിപ്പ് :-

അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 354, 358, 361 എന്നീ നമ്പറുകളിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 355, 359, 362 എന്നീ നമ്പറുകളിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 356, 360, 363 എന്നീ നമ്പറുകളിലുമായി തൻവർഷത്തിൽ ആകെ ₹31,26,998/- സോഴ്സ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണ ചെലവ്	20,57,130	13,61,178	34,18,308	34,04,980	13,328
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക	0	3,76,15,803	3,76,15,803	3,76,15,803	0
ആകെ	20,57,130	3,89,76,981	4,10,34,111	4,10,20,783	13,328

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാലപെൻഷൻ	2,77,54,300	2875
കർഷകതൊഴിലാളി പെൻഷൻ	15,96,600	138
വിധവാപെൻഷൻ	1,30,23,100	1312
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ	4,81,600	49

സ്ത്രീകൾക്കുള്ള പെൻഷൻ		
വികലാംഗപെൻഷൻ	48,09,500	460

കുറിപ്പ് :- സേവന പെൻഷൻ പോർട്ടലിലെ വിവരം പ്രകാരം തൻവർഷത്തിൽ ഗ്രാമപഞ്ചായത്ത് മുഖേന വിതരണം ചെയ്തിട്ടുള്ള മേൽ പെൻഷൻ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തത് ഖണ്ഡിക 1-1-6(2) ആയി പരാമർശിച്ചിട്ടുള്ളത് കാണുക.

1-8 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2024 ന് 3:04 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന സമയത്ത് ക്യാഷ് ബുക്ക് സംഗ്രഹം പ്രകാരം 50,284/- രൂപയാണ് നീക്കിയിരിപ്പ് ഉണ്ടായിരുന്നതെങ്കിലും, അന്നേ ദിവസത്തെ കൗണ്ടർ കലക്ഷൻ തുകയായ 2,602/- രൂപ മാത്രമാണ് ഭൗതിക പരിശോധനയിൽ കണ്ട് ബോധ്യപ്പെട്ടത്. മുന്നിരിപ്പ് തുകയിൽ അവശേഷിക്കുന്നതായി കാണിച്ച 47,682/- രൂപ പരിശോധന സമയത്ത് കാഷ് ചെസ്റ്റിൽ കാണാനായില്ല. ഈ വ്യത്യാസം സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-9 ആഭ്യന്തര നിയന്ത്രണം

1. മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), ഹെഡ്മിസ്ട്രസ്സ്, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല. വെറ്ററിനറി സർജൻ അംഗീകൃത രജിസ്റ്ററല്ല ഉപയോഗിക്കുന്നത്.
2. ട്രഷറിയിൽ നിന്നും തുക മാറുന്ന എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ബിൽ ബുക്ക്/ ഇ- ബിൽ ബുക്ക് ഫയലിൽ സൂക്ഷിക്കേണ്ടതാണ്. സെക്രട്ടറി, ഹെഡ് മാസ്റ്റർ എന്നിവർ ആയത് സൂക്ഷിക്കുന്നില്ല.
3. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ട്രഷറി ബില്ലുകളുടെ സാക്ഷ്യപ്പെടുത്തിയ കാര്യാലയ പകർപ്പ് സൂക്ഷിക്കുന്നില്ല.
4. ഇ- ടെണ്ടർ നടപടികളിലൂടെയുള്ള പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ലഭ്യമാവുന്ന ടെണ്ടർ ഫീ അതാത് സമയം പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുന്നില്ല. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ ടെണ്ടർ ഫീ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലൂടെ സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നൽകേണ്ടതും, സെക്രട്ടറി ആയത് ലഭിച്ചതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ മതിയായ രസീതി നൽകേണ്ടതും, പ്രസ്തുത രസീതി അസിസ്റ്റന്റ് എഞ്ചിനീയർ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.
5. ഗ്രാമ പഞ്ചായത്ത് ഓഫീസിനായി മതിയായ സൗകര്യത്തോട് കൂടിയ ഓഫീസ് കെട്ടിടം എത്രയും വേഗം പൂർത്തിയാക്കേണ്ടതും വ്യത്തിയോടെ പരിപാലിക്കേണ്ടതുമാണ്. പഴയ ഓഫീസ് കെട്ടിടം ദേശീയ പാതാ വികസനവുമായി ബന്ധപ്പെട്ട് പൊളിച്ചു കളഞ്ഞപ്പോൾ ലഭിച്ച നഷ്ട പരിഹാരം ഇതിനായി ഫലപ്രദമായി വിനിയോഗിക്കേണ്ടതാണ് . നിലവിലെ കെട്ടിടത്തിലെ ശുചിത്വ പാലനം തൃപ്തികരമല്ലായെന്ന് കാണുന്നു. ഉപയോഗ ശൂന്യമായ വസ്തുക്കൾ ഓഫീസ് കെട്ടിടത്തിന്റെ മുകൾ നിലയിലും, തൊട്ടടുത്ത IHRD കെട്ടിടത്തിന്റെ മുകളിലും കൂടിക്കിടക്കുന്നത് അടിയന്തിരമായി ലേലം ചെയ്ത് ഒഴിവാക്കേണ്ടതാണ്. കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിലും ഇത്തരം നിർദ്ദേശം നൽകിയിട്ടും ആയത് പാലിക്കാതിരിക്കുന്നത് ക്രമ പ്രകാരമല്ല . ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സെക്രട്ടറി മതിയായ വിശദീകരണം തേടി ആയത് പരിഹരിക്കേണ്ടതാണ്.
6. ഗ്രാമ പഞ്ചായത്തിന്റെ വാടകക്കെട്ടിടങ്ങൾ ഉപയോഗിക്കുന്നവർ പ്രസ്തുത കെട്ടിടങ്ങളും പരിസരങ്ങളും വൃത്തിയോടെ പരിപാലിക്കുന്നുവന്ന് ഉറപ്പു വരുത്തേണ്ടതും, ആയതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കരാറിൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
7. ഗ്രാമ പഞ്ചായത്തിന്റെ വാടകക്കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും പ്രതിവർഷ വാടക വർദ്ധനവിന് അനുസരിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റു തുകയിലും വരുന്ന വർദ്ധനവ് തുക, കരാർ ചമയ്ക്കുന്നതിനു മുമ്പേ ഈടാക്കി എന്ന് ഉറപ്പാക്കേണ്ടതാണ്.
8. ബാങ്ക് റീകൺസിലിയേഷൻ എല്ലാ മാസവും നടത്തുന്നു എന്ന് സെക്രട്ടറി ഉറപ്പു വരുത്തുകയും, റീകൺസിലിയേഷൻ പത്രിക അംഗീകരിച്ച് ഒപ്പു വച്ച് ബാങ്ക് ബുക്കിനോടൊപ്പം ബൈൻഡ് ചെയ്തു സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയ്യതി
പെർഫോമൻസ് ഓഡിറ്റ്	24.05.2022	1/2022 മുതൽ 3/2022 വരെ	24.05.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	13.03.2023 മുതൽ 14.03.2023 വരെ	2021-22	27.05.2023

1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" : അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ

സംസ്കരണം ഹരിതകർമസേനയിലൂടെ " എന്ന വിഷയത്തിൽ തവനൂർ ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നടത്തിയ അവലോകനം.

1) <u>അടിസ്ഥാന വിവരങ്ങൾ</u>

1) പഞ്ചായത്തിലെ ആകെ ജനസംഖ്യ		34500
2) ആകെ വാർഡുകളുടെ എണ്ണം		19
വാർഡ് നമ്പർ	**3) ഓരോ വാർഡിലേയും ആൾ താമസമുള്ള വീടുകളുടെ എണ്ണം**	**4) ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം**
1	501	33
2	511	37
3	414	58
4	513	10
5	442	29
6	470	14
7	586	14
8	496	33
9	661	64
10	500	61
11	473	21
12	405	30
13	436	18
14	444	40
15	456	54
16	438	52
17	470	11
18	515	20
19	680	33
ആകെ	**9411**	**632**
5) ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം		39
6) വാർഡിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ		ഉണ്ട്

2) <u>മാലിന്യ ശേഖരണ കാര്യക്ഷമത</u>

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, എൻ.എസ്.എസ്. വളണ്ടിയേഴ്സ് എന്നിവരുടെ കൂട്ടായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും മാലിന്യ ശേഖരണത്തിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ് സംവിധാനം പ്രാവർത്തികമാക്കിവരുന്നുണ്ട് (Enrollment-72%, Subscription-85%, Service-57%). ഹരിതകർമ്മസേനാംഗങ്ങൾക്ക് തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി വീടുകൾക്കും സ്ഥാപനങ്ങൾക്കും സഞ്ചി/ചാക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ഓരോ വാർഡിലേയ്ക്കും രണ്ടുപേരെ വെച്ച് കളക്ഷന്റെ കവറേജ് പൂർത്തിയാക്കുന്നു.

3) <u>മാലിന്യ വേർതിരിവ് പാലിക്കൽ</u>

ശേഖരിക്കുന്ന മാലിന്യങ്ങൾ 80 ശതമാനത്തോളം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നു. ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന മാലിന്യം എം.സി.എഫ് ൽ എത്തിച്ച് വേർതിരിച്ചു പരിപാലിക്കുന്നു. എക്കോ ഗ്രീൻ, കോട്ടക്കൽ എന്ന കമ്പനിയാണ് റിജകട്ഡ് വേസ്റ്റ് നീക്കം ചെയ്യുന്നത്. സമ്പത്ത് എന്റർപ്രൈസ്, പെരിന്തൽമണ്ണ എന്ന കമ്പനിക്കാണ് സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നത്.

4) <u>റീസൈക്ലിഗ്</u>

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ലാൻഡ്ഫില്ലുകളിൽ (പാതയോരങ്ങളിലും പൊതു ഇടങ്ങളിലും വഴിയോരത്ത് സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജല സ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മിക്സഡ്/ലെഗസി മാലിന്യം) നിന്നും ലഭിക്കുന്ന മാലിന്യം എം.സി.എഫ്ൽ എത്തിച്ച് സെഗ്രിഗേറ്റ് ചെയ്ത് പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.

5) <u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ബോധവല്കരണ നോട്ടീസുകൾ, മൈക്ക് അനൗൺസ്മെന്റ്, നവ മാധ്യമങ്ങൾ വഴിയുള്ള ബോധവല്കരണം, കൂടാതെ ചുവടെ കൊടുക്കുന്ന പരിപാടികളും

നടത്തിയിട്ടുണ്ട്.
1. 19 വാർഡുകളിലും ADS തല കൺവെൻഷൻ
2. 20 വീട്ടുമുറ്റ സദസ്സ്
3.. ഹരിത കർമ്മ സേനയ്ക്ക് ബയോബിൻ യൂസർ എജ്യുക്കേഷൻ പ്രോഗ്രാം
4. NSS ക്യാമ്പയിൻ - " ഞങ്ങളും ഹരിതകർമ്മസേനയ്ക്ക് ഒപ്പം "
5. കുടുംബശ്രീ ക്യാമ്പയിൻ -" ഞങ്ങൾ ഹരിത കർമ്മ സേനയ്ക്ക് ഒപ്പം"
6. എല്ലാ വാർഡുകളിലെ സ്കൂളുകളിലും ഹരിതവിദ്യാലയം ക്യാമ്പയിൻ
7. പരിസ്ഥിതി ദിന ക്യാമ്പയിൻ = കൃതി@ പ്രകൃതി (Online Competition)
8. തൃക്കണാപുരം എ.എൽ.പി.സ്കൂളിനെ ഹരിത വിദ്യാലയമായി പ്രഖ്യാപിച്ചു.

6) <u>തൊഴിൽ സൃഷ്ടിക്കൽ</u>

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും, ക്ലീനിംഗ് സ്റ്റാഫിനും പ്രത്യക്ഷമായും, റിജക്ടഡ് വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് സാധിക്കുന്നു. പ്രതിമാസം 858 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ശരാശരി 10,000/- രൂപയോളം പ്രതിമാസം വേതനയിനത്തിൽ ഓരോ ഹരിതകർമ്മസേനാംഗങ്ങൾക്കും ലഭ്യമാകുന്നുണ്ട്. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

7) <u>അടിസ്ഥാന സൗകര്യ വികസനം</u>

നിലവിൽ 1 എം.സി.എഫ് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആയത് ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 24 മിനി എം.സി.എഫുകൾ പ്രവർത്തിക്കുന്നുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു വാഹനം ഉണ്ട്. കുടുംബശ്രീ വഴി 3 ഹരിതകർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകി. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ആവശ്യമായ ഓഫീസ് സൗകര്യം സജ്ജീകരിച്ചിട്ടുണ്ട്.

8) <u>പാരിസ്ഥിതിക ആഘാതം</u>

മാലിന്യം അനധികൃതമായി തള്ളുന്നതുമായി ബന്ധപ്പെട്ട് 12 പരാതികളിൻമേൽ 63,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്.

9) <u>പരിശീലനവും വികസനവും</u>

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ടി പഞ്ചായത്ത്, ഹരിത സഹായ സംഘം എന്നിവരുടെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 2 DAYS CAPACITY BUILDING TRAINING – 08.08.2024, സംരംഭം സോപ്പ് നിർമ്മാണം – 30.03.2024, ജൈവ മാലിന്യ ഉപാധികളുടെ പരിശീലനം – 11.08.2024 എന്നിവ നൽകിയിട്ടുണ്ട്.

10) <u>നിയമങ്ങൾ പാലിക്കൽ</u>

പഞ്ചായത്ത് ഡയറക്ടറുടെ 19.11.2021 ലെ PAN/10444/2021-C6CDP ഉത്തരവ് പ്രകാരം ബൈലോ അംഗീകരിച്ചു. മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ബോധവല്കരണ ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. ഓൺലൈൻ മീഡിയ, നോട്ടീസുകൾ മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

11) <u>ഹരിതകർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം</u>

ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലേയ്ക്ക് 39 ഹരിതകർമ്മസേനാംഗങ്ങളാണുള്ളത്. എല്ലാമാസവും പഞ്ചായത്ത് തല അവലോകനയോഗം നടത്തിവരുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഹരിത സഹായ സംഘത്തിന്റെ നേതൃത്വത്തിൽ സമയാസമയങ്ങളിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പൊതു ജനങ്ങളിൽ നിന്നുള്ള നിസ്സഹകരണം മൂലം എല്ലാമാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്. ജനങ്ങളുടെ നിസ്സഹകരണം, യൂസർ ഫീ നൽകുന്നതിലെ വിമുഖത, എം.സി.എഫ് ലെ അസൗകര്യം, ചെറിയ വാഹനമായതിന്റെ അപര്യാപ്തത എന്നിവ പരിമിതികളാണ്.

<u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) / റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)</u>

1) <u>അടിസ്ഥാന വിവരങ്ങൾ</u>

1) എം.സി.എഫ്/ആർ.ആർ.എഫ് (സ്ഥിരം / താത്കാലികം) എണ്ണം	1 എം.സി.എഫ് (സ്വന്തം കെട്ടിടം), ആർ.ആർ.എഫ് ഇല്ല
2) ബെയ്ലിംഗ് /ഷ്രെഡിംഗ് യുണിറ്റുകൾ ഉണ്ടോ ?	ഇല്ല
3) അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം	വാർഡ് 15
4) അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ?	ഉണ്ട്
5) അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ടിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി തുടങ്ങിയവ	ഉണ്ട് 1850 ച. അടി
6) അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ	അയങ്കലം
7) അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ?	ആണ്

8) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നണ്ടോ?	നിലവിൽ ഇല്ല

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി എം.സി.എഫ് ലേക്ക് എത്തിക്കാൻ സാധിക്കുന്നുണ്ട് .

3) മാലിന്യ സംഭരണ ശേഷി

1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് ജൈവം /അജൈവം	250 KG അജൈവം
2) കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസ്യതമായി എം.സി.എഫ്/ആർ.ആർ.എഫ് കൾക്ക് ആവശ്യത്തിന് വിസ്തൃതിയുണ്ടോ	സ്ഥല പരിമിതിയുണ്ട്.
3) ആകെ വിസ്തൃതി	1850 ച. അടി.
4) അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു.	15 ദിവസം

4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം ഇനം തിരിക്കുന്നത്	Types - HM, PP, BB, MILK COVER, LD, REJECT, SCRAP, GLASS WASTE, IRON, TIN, CARDBOARD Etc..
തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് എം.സി.എഫ്/ ആർ.ആർ.എഫ് -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കൽ	1. Fire Extinguisher 2. Mask ,Glouse, 3. Detol, Hand Wash 4. Boots 5. Uniforms

5) ശുചിത്വമാനദണ്ഡങ്ങൾ

എം.സി.എഫും പരിസരവും വ്യത്തിയായി സൂക്ഷിച്ച് വരുന്നു.

6) യഥാസമയം മാലിന്യം കൈമാറുന്നത് സംബന്ധിച്ച്

വീടുകളിൽ നിന്നും കടകളിൽ 30 ദിവസത്തിന്റെ ഇടവേളയിൽ ഹരിതകർമ്മസേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വാഹനത്തിൽ എം.സി.എഫ് ൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്യുന്നു. ബന്ധപ്പെട്ട കമ്പനികൾക്ക് മാസത്തിൽ 5 തവണ മാലിന്യം നൽകുന്നു. ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുള്ള എക്കോ ഗ്രീൻ, കോട്ടക്കൽ എന്ന കമ്പനിയാണ് റിജകട്ഡ് വേസ്റ്റ് നീക്കം ചെയ്യുന്നത്. സെഗ്രിഗേറ്റഡ് വേസ്റ്റ് നൽകുന്നത് സമ്പത്ത് എന്റർപ്രൈസ്, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിനാണ്.

മറ്റു വിവരങ്ങൾ

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ കേരള ഗ്രാമീണ ബാങ്ക്, തവനൂർ ശാഖയിൽ (40192101074279) അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് പ്രതിമാസം വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീതി ബുക്കുകൾ ഉപയോഗിക്കുന്നു.

ആകെ വരവ് (₹)		ആകെ ചെലവ് (₹)	
ഗ്യാപ്പ് ഫണ്ട്	ഇല്ല	ഹരിത കർമ്മസേന ശമ്പളം	28,42,763
യൂസർഫീ	26,07,381	പർച്ചേസ്	-
സ്ക്രാപ്പ് വിൽപ്പന	3,79,894	മറ്റ് ചെലവ്	6,448
ചില്ല്	32,379		
മറ്റു വരവുകൾ	-		
ആകെ	30,19,654	ആകെ	28,49,211

2023-24 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	പ്രോജക്ട്	അടങ്കൽ (₹)	ചെലവ് (₹)

1	70/24 – ഹരിതകർമ്മസേന ഉപകരണങ്ങൾ	1,00,000 (തനത് ഫണ്ട്)	1,00,000
2	75/24 – ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ	8,00,000 (ധനകാര്യകമ്മീഷൻ അവാർഡ് - 2,00,000, സംസ്ഥാനാവിഷ്കൃത ഫണ്ട് – 4,00,000, തനത് ഫണ്ട് – 2,00,000)	1,35,520 ധനകാര്യകമ്മീഷൻ അവാർഡ് – 47,740, തനത് ഫണ്ട് – 87,780)
3	310/24 – ഹരിതകർമ്മസേനക്ക് യൂണിഫോം, ഉപകരണങ്ങൾ, വാഹന വാടക	7,81,385 (വികസന ഫണ്ട് – 5,31,385, ധനകാര്യ കമ്മീഷൻ അവാർഡ് – 2,50,000)	3,27,750 വികസന ഫണ്ട് – 82,000, ധനകാര്യ കമ്മീഷൻ അവാർഡ് – 2,45,750)

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ 1 എം.സി.എഫ് ആണ് പ്രവർത്തിക്കുന്നത്. സ്ഥല സൗകര്യ പരിമിതിയുണ്ട്. എല്ലാ മാസവും 100% യൂസർഫീ നേടിയെടുക്കുന്നതിൽ പരിമിതിയുണ്ട്.
2. ചെറിയ വാഹനം ആയതിനാൽ മാലിന്യം നീക്കം ചെയ്യാൻ പരിമിതികളുണ്ട്. വാഹന സൗകര്യം മെച്ചപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
3.മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും, പൊതു ജനങ്ങളിൽ ആവശ്യമായ ബോധവല്കരണം നടത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്.
4. ഉറവിട മാലിന്യ സംസ്കരണത്തെക്കുറിച്ച് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

1-12 തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് വരവ് നഷ്ടത്തിന് കാരണമാകുന്നു.

ഗ്രാമപഞ്ചായത്തിലേയ്ക്ക് ഓൺലൈൻ ഇടപാടുകൾ മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2024 തീയ്യതിയിലെ ബാലൻസ് ഷീറ്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

ക്രമ നം	അക്കൗണ്ട് നമ്പർ	ബാങ്ക്, ബ്രാഞ്ച്	31.03.2024 തീയ്യതിയിലെ നീക്കിയിരിപ്പ് തുക (₹)	
			ബാലൻസ് ഷീറ്റ് പ്രകാരം	ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം
1	67387968789	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുറ്റിപ്പുറം	5,07,423	5,32,878
2	11710200002658	ഫെഡറൽ ബാങ്ക്, തവനൂർ	8,41,338	8,40,248
		ആകെ	**13,48,761**	**13,73,126**

മേൽപ്പറഞ്ഞവ പലിശ രഹിത കറന്റ് അക്കൗണ്ടുകൾ ആയതിനാൽ ഇവയിൽ വലിയ തുക നീക്കിയിരിപ്പ് അവശേഷിച്ചതുവഴി ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരവ് നഷ്ടമാകുന്നതിന് കാരണമായിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് വിരുദ്ധമാണ്.
ക്രമ നമ്പർ 1 പ്രകാരമുള്ള അക്കൗണ്ടിൽ 31.03.2023 തീയ്യതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം ₹13,30,709/- (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ₹13,24,008/-) നീക്കിയിരിപ്പ് സൂക്ഷിക്കുന്നതായി 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക നം. 1-13 ആയി പരാമർശിച്ചിരുന്നതും, ആയത് ഭരണസമിതി തീരുമാനത്തോട് കൂടി പലിശ വരുമാനം ഉള്ള അക്കൗണ്ടിലേക്ക് മാറ്റുന്നതാണെന്ന് സെക്രട്ടറി മറുപടി അറിയിച്ചിരുന്നതുമാണ്. എന്നാൽ, നിലവിലും പ്രസ്തുത അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ് സൂക്ഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 32/01-11-2024ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. പലിശരഹിത അക്കൗണ്ടുകളിൽ വരവ് വെക്കുന്ന തനത് ഫണ്ട് തുകകൾ, പലിശ ലഭ്യമാകുന്ന വിധത്തിൽ മറ്റ് തനത് ഫണ്ട് അക്കൗണ്ടുകളിലേക്ക് യഥാസമയം മാറ്റുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

1-13 തൊഴിൽ മേള സംഘടിപ്പിക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകത

പ്രൊജക്ട് : 351/24 - തൊഴിൽ മേള സംഘടിപ്പിക്കൽ

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : ₹40,000/- (തനത് ഫണ്ട്)
ചെലവ് : 30,214/-

.വൗച്ചർ നമ്പർ 22301381/21.03.2024 : ₹17,990/-
.വൗച്ചർ നമ്പർ 22301469/30.03.2024 : ₹8,800/-
.വൗച്ചർ നമ്പർ 22301478/30.03.2024 : ₹3,424/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 31.10.2023 ലെ സ.ഉ.(സാധാ)നം.2128/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ തൊഴിൽ മേള നടത്തുന്നതിനായി റിഫ്രഷ്മെന്റ് ഇനത്തിൽ 12,300/- രൂപയും (ബിൽ നമ്പർ 640/05.03.2024 ₹3,500/- കുടംബശ്രീ ഭക്ഷണ ശാല, 06/05.03.2024 ₹8,800/- ഒരുമ ടീ ഷോപ്പ് തവനൂർ), അനൗൺസ്മെന്റ് മറ്റു അനുബന്ധ സൗകര്യങ്ങൾക്ക് 9,900/- രൂപയും (ഫാത്തിമ ലൈറ്റ് & സൗണ്ട്, തവനൂർ-ബില്ലിൽ നമ്പർ/തീയതി രേഖപ്പെടുത്തിയിട്ടില്ല), ക്ലീനിംഗ് &സ്റ്റേഷനറി ഇനത്തിൽ 3,424/- രൂപയും, പോസ്റ്റർ, ബാനർ, ബാഡ്ജ് വാങ്ങിയ ഇനത്തിൽ 4,590/- രൂപയും (ബിൽ നം 242/02.03.24 ഗാലന്റ് മാണൂർ) മേൽ വൗച്ചർ പ്രകാരമുള്ള തുക ചെലവഴിച്ചിട്ടുള്ളത്. 03.03.2024ൽ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, തവനൂർ വെച്ചാണ് തൊഴിൽമേള സംഘടിപ്പിച്ചിട്ടുള്ളത്.

മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക നം 4.3.ii പ്രകാരം തൊഴിൽമേള നടത്തിപ്പിനാവശ്യമായ ചെലവിന്റെ 30 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള നോളജ് ഇക്കോണമി മിഷൻ നൽകുന്നതാണന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള മേൽ ചെലവിന്റെ 30 ശതമാനം ലഭ്യമായിട്ടില്ല.

അപാകതയ്ക്ക് പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 18/28.10.2024) ലഭ്യമാക്കിയ മറുപടിയിൽ ചെലവിന്റെ 30 ശതമാനം ലഭ്യമാക്കുന്നതിന് കേരള നോളജ് ഇക്കോണമി മിഷന് അപേക്ഷ നൽകുന്നതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-14 എസ്.എസ്.കെ വിഹിതം അടവാക്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല. ചെലവ് തുക ₹7,70,000/- തടസ്സം ചെയ്യുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട്	7/2024 – എസ്.എസ്.കെ വിഹിതം അടവാക്കൽ-ജനറൽ
അടങ്കൽ	₹10,30,000/- (വികസന ഫണ്ട്)
ചെലവ്	₹7,70,000/- (BRN 23150452001400267513/03.07.2023 : ₹7,70,000/-)

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 7,70,000/- രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ) നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം, ഗ്രാമപഞ്ചായത്തുകൾ ഗവൺമന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 7,70,000/- രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 17/28.10.2024) ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ളതല്ല. മാർഗ്ഗരേഖ അനുശാസിക്കും പ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 7,70,000/- രൂപ തടസ്സം ചെയ്യുന്നു.

1-15 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങിയതിൽ ജി.എസ്.ടി - ടി.ഡി.എസ് നടത്തിയില്ല.

പ്രോജക്ട് നം. 239/24 – എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ : ₹6,78,398/- (വികസന ഫണ്ട് എസ്.സി.പി.)

ചെലവ് : ₹4,87,500/- (ബിൽ നം. 23150452031160187775/10.06.2023)

ഇൻവോയ്സ് നമ്പർ : IT/23-24L45/10.05.2023 ₹4,87,500/-

ഒരു കരാറിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തതിന് തുക നൽകുന്ന വേളയിൽ ആയതിന്റെ മൂല്യം 2,50,000/- രൂപയ്ക്കു മുകളിലാണെങ്കിൽ CGST നിയമം, സെക്ഷൻ 51 അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 01.10.2018 പ്രാബല്യത്തിൽ 2% ജി.എസ്.ടി. ടി.ഡി.എസ് നടത്തണം. നികുതി ബാധകമായ ഇനങ്ങളുടെ നികുതി കിഴിച്ചുള്ള വിലയുടെ 2% ആണ് ടി.ഡി.എസ് നടത്തി നികുതി വകുപ്പിന് ഒടുക്കേണ്ടത്.

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത് IT Professional

Co-operative Society, Trivandrum എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇൻവോയ്സുകൾ പ്രകാരം നികുതി കിഴിച്ചുള്ള വില 4,13,135/- രൂപയാണ്. ആയതിന്റെ 2% ആയ 8,262/- രൂപ ടി.ഡി.എസ് നടത്തേണ്ടതായിരുന്നു.

ജി.എസ്.ടി. ടി.ഡി.എസ് നടത്താതെ പേയ്മെന്റ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 19/23-24 തീയതി. 28.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-16 ഭിന്നശേഷി സ്കോളർഷിപ്പ് വിതരണം - നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നം, പേര്	43/24 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും
നിർവ്വഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ (₹)	₹16,89,366/- (വികസന ഫണ്ട് ജനറൽ) + ₹5,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹1,60,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) ₹2,00,000/- (തനത് ഫണ്ട്) **₹25,49,366/- (ആകെ)**
ആകെ ചെലവ് (₹)	₹8,53,000/- (വികസന ഫണ്ട് ജനറൽ) + ₹3,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) ₹1,60,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) ₹1,03,600/- (തനത് ഫണ്ട്) **₹14,16,600/- (ആകെ)**

വിവിധ ഭിന്നശേഷി വിദ്യാർത്ഥികൾക്കായി മേൽ പ്രോജക്ട് വഴി സ്കോളർഷിപ്പും ബത്തയും ചുവടെ ചേർത്ത ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	ബിൽ നം/തിയതി	തുക (₹)	ഫണ്ട്
1	23150452037900482692/23.08.2023	3,53,000	വികസന ഫണ്ട് ജനറൽ
2	23150452037900636800/09.10.2023	3,00,000	ബ്ലോക്ക് പഞ്ചായത്ത് വിഹിതം
3	23150452037900806403/17.11.2023	5,00,000	വികസന ഫണ്ട് ജനറൽ
4	23150452037900805543/17.11.2023	1,60,000	ജില്ലാ പഞ്ചായത്ത് വിഹിതം
5	22301430/30.03.2024	1,03,600	തനത് ഫണ്ട്
	ആകെ	**14,16,600**	

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ, 2023-24 വർഷത്തേയ്ക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 ഖണ്ഡിക 7.1.6 (എ) പട്ടിക പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന ക്ലാസിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള തുകകളിൽ നിന്നും അധികമായി ഒരു വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് തുക അനുവദിച്ചതായും, ഖണ്ഡിക 7.1.6 (ബി) പട്ടിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അനുവദനീയമായ തുകയിൽ കൂടുതൽ ഒരു വിദ്യാർത്ഥിക്ക് നൽകിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

വിദ്യാർത്ഥിയുടെ പേര്, പഠിക്കുന്ന ക്ലാസ്, സ്ഥാപനം	ഭിന്നശേഷി സ്വഭാവം, സർട്ടിഫിക്കറ്റ് വിവരം	അനുവദിക്കാ-മായിരുന്ന തുക (₹)	അനുവദിച്ച തുക, ബിൽ വിവരം	അധികം നൽകിയ തുക (₹)
മുഹമ്മദ് അസ്ഹദ് . ടി. പി, എൽ.കെ.ജി., എ.എൽ.പി. സ്കൂൾ തൃക്കണാപുരം	ശാരീരിക വൈകല്യം.(ഇടത് കൈ ചെറുത്) ഇ.കെ.ബി.മേമ്മോറിയൽ താലൂക്ക് ഹോസ്പിറ്റൽ പൊന്നാനി യിൽ നിന്നുള്ള 25.06.2022 ലെ 784/2021 നമ്പർ സർട്ടിഫിക്കറ്റ്	12 പ്രതിമാസ തുക 400 X + വാർഷിക ബത്ത 500 = 5,300/-	മുകളിലെ പട്ടികയിലെ ക്രമ നം. 1,2,4, ബില്ലുകൾ പ്രകാരം യഥാക്രമം 3,000/-, 2,000/-, 4,500/- എന്നിങ്ങനെ ആകെ 9,500/- രൂപ	4,200/-

			അനുവദിച്ചു.	
മുഹമ്മദ് അഫ്ഹാം. ഇ. വി.	മാനസിക വൈകല്യം, ഇ.കെ.ബി. മെമ്മോറിയൽ താലൂക്ക് ഹോസ്പിറ്റൽ പൊന്നാനി യിൽ നിന്നുള്ള 08.11.2022 ലെ 1994/2022 നമ്പർ സർട്ടിഫിക്കറ്റ്	28,500	മുകളിലെ പട്ടികയിലെ ക്രമ നം. 3, 4, 5 ബില്ലുകളിൽ നിന്നും 10,000/- രൂപ വീതം ആകെ 30,000/- രൂപ	1,500
ആകെ				**5,700**

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധിക തുക തിരികെ അടവാക്കി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 25/30.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി -ലേക്ക് തുക അടവാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക ₹13,30,332/- തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ : 4/2024 - റോഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ

അടങ്കൽ : ₹15,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : ₹13,30,332/- (വൗച്ചർ നമ്പർ : XVFC/2023-24/P/28/30.01.2024)

സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ നടത്തുന്നതിന് തവനൂർ കെ.എസ്.ഇ.ബി സെക്ഷനിലേക്ക് 6,31,300/- രൂപ (ഡിമാന്റ് നം. DB/42/AE-ES/TVR/2023-24/182 Dtd 23.12.2023) കണ്ടനകം കെ.എസ്.ഇ.ബി സെക്ഷനിലേക്ക് 6,99,032/- രൂപ (ഡിമാന്റ് നം.69/AE-ES/KDM/KLDY/250/22-23/182 Dtd 30.01.2023) എന്നിങ്ങനെ ആകെ 13,30,332/- രൂപ നിക്ഷേപ പ്രവൃത്തിയ്ക്കായി തുക അടവാക്കിയിട്ടുണ്ട്. 08.02.2024 ലെ എ-100/24 പ്രകാരം സെക്രട്ടറി വിനിയോഗ വിവരം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുണ്ട്. മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 16/23-24/28.10.2024) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിയിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക ₹13,30,332/- തടസ്സം ചെയ്യുന്നു.

1-18 തെരുവ് വിളക്ക് പരിപാലനത്തിനായി കെ.എസ്.ഇ.ബി യിലേക്ക് തുക അടവാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ചെലവ് തുക ₹43,094/- തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ: 25/2024 – നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനം
അടങ്കൽ : ₹43,094/- (വികസന ഫണ്ട് -പൊതുവിഭാഗം)
ചെലവ് : ₹43,094/- (ബി.ആർ.എൻ -23150452001401016446/03.01.2024)

സെക്രട്ടറി നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം, നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ പരിപാലനത്തിന് തവനൂർ കെ.എസ്.ഇ.ബി സെക്ഷനിലേക്ക് 43,094/- രൂപ (ഡിമാന്റ് നം. DB/42/AE-ES/TVR/2023-24/186 Dtd 27.12.2023 ₹43,094/- 18W ന്റെ 200 എണ്ണം ബൾബുകൾ 160 രൂപ നിരക്കിൽ 10% സൂപ്പർവിഷൻ ചാർജ്, ജി.എസ്.ടി. 18%) അടവാക്കിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 15/23-24/28.10.2024) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബിയിലേയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക ₹43,094/- തടസ്സം ചെയ്യുന്നു.

1-19 തുടർ സാക്ഷരത - കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 176/24 – തുടർ സാക്ഷരതാ പദ്ധതി

അടങ്കൽ : ₹50,000/- (തനത് ഫണ്ട്)

ചെലവ് : ₹50,000/-

- .₹35,250/- (വൗച്ചർ നമ്പർ . 22301398/28.03.2024)
- .₹14,750/- (വൗച്ചർ നമ്പർ . 22301396/28.03.2024)

ഹെഡ്മിസ്ട്രസ്സ് നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം പത്താം ക്ലാസ് തുല്യതയ്ക്കായി സംസ്ഥാന സാക്ഷരതാ മിഷനിൽ 14,750/- രൂപ നിക്ഷേപിച്ചിട്ടുള്ളതാണ്. തുടർ സാക്ഷരത പദ്ധതിയ്ക്കായി വകയിരുത്തിയ തുക, സാക്ഷരതാ മിഷൻ അക്കൗണ്ടിൽ നിക്ഷേപിച്ചത് രേഖാമൂലം അറിയിച്ച്, തുകയുടെ കൈപ്പറ്റ് രശീതി വാങ്ങുന്നതിനായി കേരള സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 27.10.2017 ലെ എ)6-2916/16/ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അഭിയാൻ നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ളതാണ്. എന്നാൽ, മേൽ പദ്ധതിയ്ക്കായി നിക്ഷേപിച്ച 14,750/- രൂപയുടെ കൈപ്പറ്റ് രശീതി പരിശോധനക്കായി ലഭ്യമാക്കിയില്ല. തുക നൽകിയ വിവരം സാക്ഷരതാ മിഷനെ അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, തുകയുടെ കൈപ്പറ്റ് രശീതി എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ്

എൻകൃയറിയ്ക്ക് (29/2023-24/30.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതു വരെ ചെലവു തുക 14,750/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-20 വിദ്യാലയങ്ങളിൽ ഹൈടെക് ക്ലാസ്സ് മുറികൾ സ്ഥാപിക്കൽ - അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് : 114/24 – വിദ്യാലയങ്ങളിൽ ഹൈടെക് ക്ലാസ്സ് മുറികൾ

അടങ്കൽ : ₹35,50,000/- (35,00,000/- Maintenance Fund – Non-road Assets, ₹50,000/- Development Fund (CFC Basic Grant))

ചെലവ്: 35,16,040/- Maintenance Fund - Non-road Assets, 39,020/- Development Fund (CFC Basic Grant))

ഹെഡ് മാസ്റ്റർ നിർവ്വഹിച്ച മേൽ പ്രോജക്ട് വിദ്യാലയങ്ങളിലെ ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിനാണ് ലക്ഷ്യം വെച്ചത്, പദ്ധതിയുടെ ചെലവു വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ബിൽ നമ്പർ/ തിയ്യതി	തുക (₹)	കൈപ്പറ്റിയ ഗുണഭോക്താവ് സ്ഥാപനം	റിമാർക്സ്
1	23150452038001246428/ 20.02.2024	4,78,000	ARTCO Palakkad	10 പോഡിയും (@47800) വാങ്ങി 9 സ്കൂളുകളിലേക്കായി വിതരണം ചെയ്തത
2	23150452038000795881/ 15.11.2023	86,420	KADCO	10 മേശയും(@ 5200) കസേരയും (@3442) വാങ്ങിയത് – 9 സ്കൂളുകളിലേക്കായി വിതരണം ചെയ്തത
3	23150452038000918546/ 11.12.2023	3,56,000	KSIE	20 ബെഞ്ചും ഡെസ്കും (@17800) (എൽ പി സെക്ഷനിലേക്കുള്ളത്) വാങ്ങിയത്
4	23150452038000918536/ 11.12.2023	3,56,000	KSIE	20 ബെഞ്ചും ഡെസ്കും (@17800) (എൽ പി സെക്ഷനിലേക്കുള്ളത്) വാങ്ങിയത്
5	23150452038000918539/ 11.12.2023	3,56,000	KSIE	20 ബെഞ്ചും ഡെസ്കും (@17800) (എൽ പി സെക്ഷനിലേക്കുള്ളത) വാങ്ങിയത്
6	23150452038000918551/ 11.12.2023	3,76,000	KSIE	20 ബെഞ്ചും ഡെസ്കും (@18800) (യു പി സെക്ഷനിലേക്കുള്ളത്) വാങ്ങിയത്
7	23150452038000918547/ 11.12.2023	3,76,000	KSIE	20 ബെഞ്ചും ഡെസ്കും (@18800) (യു പി സെക്ഷനിലേക്കുള്ളത്) വാങ്ങിയത്
8	23150452038001132435/ 27.01.2024	92,600	Best &Best Agencies	2 AC കൾ പർച്ചേസ് ചെയ്തതിന്
9	23150452038001230615/ 16.02.2024	1,00,000	Extra Marks Education Pvt Ltd	9 സ്കൂളുകളിലേക്കുള്ള സ്മാർട്ട് ബോർഡുകൾ (@₹1,06,200) വാങ്ങുന്നതിനാണ് Extra Marks Education Pvt Ltd എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകിയിട്ടുള്ളത്. എന്നാൽ മേൽ സ്ഥാപനത്തിന്റെ ബില്ലുകൾ പരിശോധിക്കായി ലഭ്യമാക്കിയില്ല.
10	23150452038001230617/ 16.02.2024	1,00,000	Extra Marks Education Pvt Ltd	
11	23150452038001230611/ 16.02.2024	1,00,000	Extra Marks Education Pvt Ltd	
12	23150452038001447223/ 22.03.2024	1,00,000	Extra Marks Education Pvt Ltd	
13	23150452038001330217 7/ 01.03.2024	1,00,000	Extra Marks Education Pvt Ltd	
14	23150452038001530670/ 25.03.2024	5,00,000	Extra Marks Education Pvt Ltd	
15	XVFC/24-25/P/18/ 24.04.2024	39,020	Extra Marks Education Pvt Ltd	തുക 2023-24 ചെലവ് പത്രിക പ്രകാരം ചെലവായി കാണിച്ചിട്ടുണ്ടെങ്കിലും PFMS വൗച്ചർ പരിശോധനയിൽ, ആയത് 2024-25ൽ ആണ് എൻക്യാഷ് ചെയ്തിട്ടുള്ളത്.
	ആകെ	**35,16,040**		

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ ക്രമ നമ്പർ 8 പ്രകാരം പർച്ചേസ് ചെയ്ത എ.സി കളുടെ വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല.

2. ക്രമ നമ്പർ 9 മുതൽ 15 വരെയുള്ള ചെലവുകൾക്ക് ആധാരമാക്കിയ ബില്ലുകൾ പരിശോധനക്കായി ലഭ്യമാക്കിയില്ല.

3. മേൽ പ്രോജക്ട് പ്രകാരം ആവശ്യമായ സാധനങ്ങൾ ടെണ്ടർ വഴി വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകളുടെ താരതമ്യപത്രിക തയ്യാറാക്കിയിട്ടില്ല. മാത്രവുമല്ല ജി.ഒ(പി) നം.7/2019/എസ്.പി.ഡി. തീയതി 26.04.2019 ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപക്ക് മുകളിലുള്ള സാധനങ്ങൾ "ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലെയ്സ് (GeM)"പോർട്ടൽ മുഖേന സമാഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കപ്പെട്ടിട്ടില്ല.

4. ക്രമ നമ്പർ 15 പ്രകാരമുള്ള ചെലവു തുകയുടെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (21/23-24/27.10.2024) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 35,16,040/- രൂപ തടസ്സം ചെയ്യുന്നു.

1-21 സ്കൂൾ പാർലിമെന്റ് : പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് : 119/24 സ്കൂൾ പാർലിമെന്റ്

അടങ്കൽ : ₹50,000/- (തനത് ഫണ്ട്)

ചെലവ്: ₹50,000/- (വൗച്ചർ നമ്പർ 22301387/25.03.2024)

വിദ്യാർത്ഥികളിൽ ജനാധിപത്യരീതി പരിചയപ്പെടുത്തുക, പാർലമെന്ററി സംവിധാനം മനസ്സിലാക്കാൻ അവസരം നൽകുക, സ്വന്തം വിദ്യാലയങ്ങളുടെ ആവശ്യങ്ങൾ കണ്ടെത്താനും അധികാരികളുടെ മുന്നിൽ അവതരിപ്പിക്കാനും പ്രാപ്തരാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി ഹെഡ്മിസ്ട്രസ്സ് നിർവ്വഹിച്ച, നൂതന പ്രോജക്ടായി (DPO-MLP/DPC/ 25 /2023-RA1 Dated 24.07.2023) അംഗീകാരം നേടിയ മേൽ പ്രോജക്ടിൽ 2500 വിദ്യാഭ്യാസ കലണ്ടർ വിതരണം ചെയ്യുക എന്ന പ്രവർത്തനം മാത്രമാണ് നടത്തിയത്. വിദ്യാഭ്യാസ കലണ്ടർ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നത് കൊണ്ട് പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം കൈവരിച്ചതെങ്ങനെ എന്നത് വ്യക്തമാവുന്നില്ല. പ്രോജക്ട് പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻകയറി നം. 22/23-24 /30.10.2024)

1-22 ഹെഡ്മിസ്ട്രസ്സ് - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകളുടെ അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ	പ്രോജക്ട്	അടങ്കൽ (₹)	ചെലവ് (₹)	ബിൽ നമ്പർ/ വൗച്ചർ നമ്പർ/തീയ്യതി	സ്ഥാപനം/ഇൻവോയ്സ് നമ്പർ/വാങ്ങിയ സാധനങ്ങൾ	റിമാർക്സ്
1	141/24 ഫസ്റ്റ് എയിഡ് കിറ്റ് വാങ്ങൽ	50,000/- തനത് ഫണ്ട്	41,810	22300982/ 16.01.2024	കരുണ മെഡിക്കൽസ്/ 230002950/ 19.12.2023 ഫസ്റ്റ് എയിഡ് കിറ്റ് (16 Items)	സ്റ്റോക്കിലെടുത്ത് വീതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
2	177/24 വിദ്യാലയങ്ങൾക്ക് ഓഫീസ് ഫർണിച്ചർ	4,00,000/- (മെയിന്റനൻസ് - റോഡിതരം)	3,99,000	2315045203 8000936528/ 14.12.2023 (₹3,51,000/-)	Dream Home Furniture / 559/ 04.12.2023) Revolving Chair (10) Visitorschair (75)	പ്രോജക്ടിനായി ടെണ്ടർ ക്ഷണിച്ചതിന്റെ വിവരം, ലഭ്യമായ ടെണ്ടറുകളുടെ താരതമ്യ പത്രിക, സ്ഥാപനത്തിനെ അംഗീകരിച്ച ഭരണ സമിതി തീരുമാനം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വീതരണം ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.
				231504520 38000795887/ 15.11.2023 (₹48,000/-)	Kerala SIDCO/ MJRI/23-24/71 Dated 20.10.2023 Prelaminated Board Table (10)	
3	140/24 എൽ പി സ്കൂളുകൾക്ക് ഉച്ചഭക്ഷണ പാത്രങ്ങൾ	10,000/-(ധനകാര്യ കമ്മീഷൻ) + 1,90,000/- (മെയിന്റനൻസ് - റോഡിതരം)	10,000/- (ധനകാര്യ കമ്മീഷൻ)+ 1,90,000/- (മെയിന്റനൻസ് - റോഡിതരം)	XVFC/2023-24/ P/51 (₹10,000/-) + 2315045203 8001132429/ 27.01.2024 (₹1,90,000/-)	BS GST Agencies , Kuttippuram/ 28/14.12.2023 8 ഇനം ഉച്ചഭക്ഷണ പാത്രങ്ങൾ	
4	194/24 മോഡൽ പ്രീ പ്രൈമറി സ്കൂൾ പരിപാലനം	50000/- (തനത്)	50,000/- (തനത്)	22301370/ 22.03.2024	KMGUP School ന്റെ 11710100125633 എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്	ശ്രീ വേലായുധൻ എന്നവരുടെ 07/23 മുതൽ 4/24 വരെ 10 മസത്തെ 5000/- രൂപയുടെ കൈപ്പറ്റു രശീതി മാത്രമാണ് ഫയലിൽ ഉള്ളത് . ശ്രീ വേലായുധൻ എന്നവരുടെ തസ്തിക എന്താണെന്നത് പരിശോധനക്ക് ലഭ്യമാക്കിയ പ്രീ പ്രൈമറി സ്കൂൾ അറ്റൻഡൻസിൽ രേഖപ്പെടുത്തിയിട്ടില്ല. ടിയാന്റെ തസ്തിക, നിയമന ഉത്തരവ്, തുക നൽകുന്നതിനായി ഭരണ സമിതി തീരുമാനം എന്നിവ ലഭ്യമാക്കേണ്ടതാണ്.

5	196/24 സ്കൂൾ കുട്ടികൾക്ക് കളരി പരിശീലനം	5,00,000/- (തനത്)	2,47,200/- (തനത്)	22301397/ 28.03.2024	ഹരി. ഇ. ടി. എന്നവരുടെ പേരിലുള്ള കനറാബാങ്കിലെ 3909101004628 എന്ന അക്കൗണ്ടിലേക്കാണ് (IFSCCNRB0003909) തുക നൽകിയിട്ടുള്ളത് വല്ലഭട്ടകളരി എന്ന സ്ഥാപനത്തിന്റെ മണിക്കൂറിന് 400/- രൂപ എന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതായാണ് ഫയലിൽ നിന്നും മനസ്സിലാവുന്നത്	വല്ലഭട്ടകളരി യെ അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതി തീരുമാനം , ആകെ എത്ര കുട്ടികൾക്ക് എത്ര മണിക്കൂർ പരിശീലനം നൽകിയെന്നതിന്റെ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.
6	179/24 വിദ്യാലയങ്ങളിൽ വാദ്യ കലാപഠനം	30,000/- (തനത്)	26,600/- (തനത്)	22300867/ 21.12.2023	ഇടക്ക പരിശീലനം സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം	10 കുട്ടികൾക്ക് പരിശീലനം നൽകിയിട്ടുള്ളതായി അറ്റൻഡൻസിൽ നിന്നും വ്യക്തമാവുന്നു. ടി കുട്ടികളെ തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്. സോപാനം സ്കൂൾ ഓഫ് പഞ്ചവാദ്യം എന്ന സ്ഥാപനത്തെ അംഗീകരിച്ച ഭരണ സമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.
7	110/24 സാമൂഹ്യ സേവന ക്ലബ്ബുകൾ	50,000/- (തനത്)	50000/- (തനത്)	22301394/ 25.03.2024	-	ചെലവിന്റെ അബ്സ്ട്രാക്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മാത്രവുമല്ല ചെലവിന്റെ ട്രഷറിബിൽ പകർപ്പ് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ചെലവു തുക ആർക്കാണ് നൽകിയതെന്നു പരിശോധിക്കാനായില്ല

അപാകതകൾ പരിഹരിച്ച് അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (27/23-24/30.10.2024, 23/23-24/ 30.10.2024) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക 10,14,610/- രൂപ തടസ്സം ചെയ്യുന്നു.

1-23 പ്രീ പ്രൈമറി സ്കൂളുകൾക്ക് കളിയുപകരണങ്ങൾ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് : 178/24 – പ്രീ പ്രൈമറി സ്കൂളുകൾക്ക് കളിയുപകരണങ്ങൾ

അടങ്കൽ : ₹2,00,000/- (തനത് ഫണ്ട്)

ചെലവ് : ₹2,00,000/- (വൗച്ചർ നമ്പർ : 22300766/20.11.2023)

ഹെഡ്മാസ്റ്റർ നിർവ്വഹിച്ച മേൽ പ്രോജക്ട് പ്രകാരം ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത TooTwoToys എന്ന സ്ഥാപനത്തിൽ നിന്നും കളിയുപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല. എന്തെല്ലാം കളിയുപകരണങ്ങളാണ് ടെണ്ടർ പ്രകാരം ആവശ്യപ്പെട്ടതെന്ന് വ്യക്തമല്ല. എന്നാൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുള്ള സാധനങ്ങളുടെ വിവരവും ടാക്സ് ഇൻവോയ്സ് പ്രകാരം (B2RC2310IN5775/31.10.2023) പ്രകാരം ലഭ്യമാക്കിയ സാധനങ്ങളുടെ വിവരവും താഴെ ചേർക്കുന്നു.

ക്രമ നം.	ഇനം	സപ്ലൈ ഓർഡർ പ്രകാരം ആവശ്യപ്പെട്ട സാധനങ്ങൾ	ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ സാധനങ്ങൾ

		റേറ്റ് (₹)	എണ്ണം	ആകെ (₹)	റേറ്റ് (₹)	എണ്ണം	ആകെ (₹)
1	Multi Colour Slide With Swing	7,000	5	35,000	7,000	4	28,000
2	SeeSaw	5,000	5	25,000	5,000	5	25,000
3	COUPE CAR	8,000	5	40,000	8,000	5	40,000
4	SQUARE BALL POOL	16,000	5	80,000	16,000	5	80,000
5	PLASTIC BALLS	1,000	20 Set	20,000	1,000	20 Set	20,000
6	Baby Chair	NIL	NIL	0	437.5	16	7,000
	ആകെ			**2,00,000**			**2,00,000**

സപ്ലൈ ഓർഡറിൽ നിന്നും വ്യത്യസ്തമായി സാധനങ്ങൾ നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. മേൽ ഇൻവോയ്സ് പ്രകാരം ലഭ്യമായ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. മേൽ പദ്ധതിക്കായി ലഭ്യമായ ടെണ്ടറുകളുടെ താരതമ്യപത്രിക, സ്ഥാപനത്തെ ഭരണ സമിതി അംഗീകരിച്ചതിന്റെ വിവരം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

4. ജി.ഒ(പി) നം.7/2019/എസ്.പി.ഡി. തീയതി 26.04.2019 ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപക്ക് മുകളിലുള്ള സാധനങ്ങൾ "ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലെയ്സ്" (GeM)പോർട്ടൽ മുഖേന സമാഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിച്ച് അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (26/23-24/30.10.2024) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കുനനതു വരെ ചെലവു തുക 2,00,000/- രൂപ തടസ്സം ചെയ്യുന്നു.

1-24 മിനി പ്ലാനറ്റേറിയം - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് : 195/24 – മിനി പ്ലാനറ്റേറിയം

അടങ്കൽ : ₹8,85,000/- (തനത് ഫണ്ട്)

ചെലവ് : ₹8,34,260/-

വൗച്ചർ നമ്പർ : 22301394/14.02.2024 : ₹1,34,260/-

വൗച്ചർ നമ്പർ : 22301394/14.02.2024 : ₹7,00,000/- [6,71,720 + 14,140 (-GST) + 14,140 (-IT)]

മേൽ നൂതന പ്രോജക്ട് പ്രകാരം (DPO-MLP/DPC/25/2023-RA1 Dated 09.02.2024) പഞ്ചായത്തിലെ കെ.എം.ജി.യു.പി സ്കൂളിൽ മിനി പ്ലാനറ്റേറിയം സജ്ജീകരിച്ചിട്ടുണ്ട്. 29.10.2024ന് ആയത് നേരിൽ കാണുകയുണ്ടായി. ആയത് എല്ലാ സ്കൂളുകളിലെ കുട്ടികൾക്കും ഉപയോഗപ്രദമാണ്. ഇ- ടെണ്ടർ വഴി FS Marketting എന്ന സ്ഥാപനമാണ് മിനി പ്ലാനറ്റേറിയം സെറ്റ് ചെയ്തിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 02.12.2023 ലെ SC1-100/23 ടെണ്ടർ നോട്ടീസ് പ്രകാരം 16.12.2023 നാണ് FS Marketting എന്ന സ്ഥാപനം ടെണ്ടറിൽ പങ്കെടുക്കുന്നത്. ടെണ്ടർ പ്രകാരം 6,75,000/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുത്തു ചെയ്യാൻ തയ്യാറായിരുന്നു, എന്നാൽ 8,34,260/- രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടിട്ടുണ്ട്. പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പർച്ചേസിംഗ് മാത്രം നടത്തിയതായി കാണിച്ചാണ് തുക കൈമാറിയത് . നേരിൽ പരിശോധിച്ചതിൽ സീലിംഗ് പ്രവൃത്തി, പെയിന്റിംഗ് എന്നിവയെല്ലാം ചെയ്തതായി കണ്ടു. ആയത് ടെണ്ടർ പ്രകാരം പരാമർശിച്ച പ്രവൃത്തികൾ അല്ല. മാത്രമല്ല, ടെണ്ടറിൽ പരാമർശിച്ച Gallery, Archeological Collection, Statue Of Galileo Galilei എന്നിവ സ്ഥാപിച്ചതായി കണ്ടില്ല. തുക അധികമായി നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതും ആയത് ഭരണ സമിതി അംഗീകരിച്ചതിന്റെ തീരുമാനം ലഭ്യമാക്കേണ്ടതുമാണ്.

2. FS Marketting ലഭ്യമാക്കിയ ഇൻവോയ്സ് (A 19/19.01.2024) പ്രകാരം എന്തെല്ലാം ഇനങ്ങളാണ് പ്രോജക്ടിനായി നൽകിയതെന്നു വ്യക്തമല്ല. Constructionof Mini Planetarium എന്നു മാത്രമാണ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇനം തിരിച്ചുള്ള ബിൽ ഹാജരാക്കേണ്ടതാണ്.

3. മിനി പ്ലാനറ്റേറിയത്തിൽ സ്ഥാപിച്ച Working/Still Models നമ്പറിട്ട് സ്റ്റോക്കിലെടുത്തിട്ടില്ല.

4.ജി.ഒ(പി) നം.7/2019/എസ്.പി.ഡി. തീയതി 26.04.2019 ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/-രൂപക്ക് മുകളിലുള്ള സാധനങ്ങൾ "ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലെയ്സ്" (GeM) പോർട്ടൽ മുഖേന സമാഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കപ്പെട്ടിട്ടില്ല.

അപാകതകൾ പരിഹരിച്ച് അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (24/23-24/30.10.2024) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ചെലവു തുക 8,34,260/- രൂപ തടസ്സം ചെയ്യുന്നു.

1-25 പൊതു മരാമത്ത് പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2023-24ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

1). പ്രവൃത്തികളുടെ നടത്തിപ്പ്

2023-24 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 103 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 30 പ്രൊജക്ടുകളിലായി ആകെ 1,03,25,756/- രൂപയാണ് ചെലവഴിച്ചത്.

ആകെ പദ്ധതി	103	ആകെ അടങ്കൽ	₹7,67,69,098
നടപ്പിലാക്കിയത്	30	ചെലവ്	₹1,03,25,756

ശതമാനം	29%	ചെലവ് ശതമാനം	13.45%

സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തത് മൂലം ഫണ്ടുകൾ ലാപ്സാവുന്നുണ്ട്. സമയ ബന്ധിതമായി പ്രവൃത്തി പൂർത്തികരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (28/2023-24/30.10.2024) മറുപടി ലഭ്യമാക്കിയില്ല. അംഗീകാരം വാങ്ങിയ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഫണ്ട് ലാപ്സാവുന്നത് ഒഴിവാക്കേണ്ടതാണ്.

2). ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി. പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻപ് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-26 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകി - പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിയുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ആയത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രവൃത്തി	സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്	പൂർത്തീ-കരണ കാലാവധി	പൂർത്തീ-കരിച്ചത്	ഈടാക്കേണ്ട പിഴ	ഓഡിറ്റ് എൻകൃയറി നമ്പർ
1	മദിരിശ്ശേരി അങ്ങാടി മുതൽ പുതിയ NH ഹൈവേ പ്രോജക്റ്റ് നമ്പർ : 265/24 അടങ്കൽ തുക : ₹1,00,000/- ഫണ്ട് : മെയിന്റനൻസ് റോഡ് കരാറുകാരൻ : അബ്ദുള്ള സി പി പ്രൈസ് ഐഡി : 52139/2022 കരാർ : 10/AE/LSGD /TVNR/2023-24 Dated 01.06.2023 PAC : ₹84,529.85 ചെലവ് തുക : ₹99,355/- ബിൽ നമ്പർ : 23150452037701244300/20.02.2024 Duration : 6 Month (As Per TS Slip) TS No-LSGD/CELSGD/EST_TS /52139/2022_5_1_1 Dated: 22.02.2023	11.06.2023	10.12.2023	12.01.2024	11.12.2023 മുതൽ 11.01.2024 വരെ : : ₹297/- (845.3*32/91) **ആകെ : ₹297/-**	02/23-24/ 25.10.2024
2	നാളക്കുണ്ട് റോഡ് പുനരുദ്ധാരണം വാർഡ്-3 പ്രോജക്റ്റ് നമ്പർ : 272/24 അടങ്കൽ തുക : ₹5,00,000/- ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് കരാറുകാരൻ : അബ്ദുള്ള സി പി പ്രൈസ് ഐഡി : 52121/2022 കരാർ : 31/AE/LSGD /TVNR/2022-23 Dated 14.03.2023 PAC : ₹4,23,637.35 ചെലവ് തുക : ₹3,85,983/-	24.03.2023	23.07.2023	23.01.2024	24.07.2023 മുതൽ 23.10.2023 വരെ : ₹4,236/- (1% Of 4,23,637.35) 24.10.2023 മുതൽ 22.01.2024 വരെ : ₹8,473/- (2% Of 4,23,637.35) **ആകെ : ₹12,709/-**	02/23-24/ 25.10.2024

	വൗച്ചർ നമ്പർ : XVFC/2023-24/P/46/15.02.2024 Duration : 4 Month (As Per TS Slip) TS No :LSGD/CELSGD/EST_TS /52121/2022_5_1_1 Dated: 13.02.2023					
3	കെ.എം.ജി.യു.പി.എസ് തവനൂർ അറ്റകുറ്റപണികൾ പ്രോജക്റ്റ് നമ്പർ : 247/24 അടങ്കൽ തുക : ₹8,00,000/- ഫണ്ട് : മെയിന്റനൻസ് നോൺറോഡ് കരാറുകാരൻ : അനീഷ് എ വി പ്രൈസ് ഐഡി : 24244/2023 കരാർ : 07/AE/LSGD /TVNR/2023-24 Dated 23.05.2024 PAC : ₹6,77,348.89 ചെലവ് തുക : ₹7,72,788/- ബിൽ നമ്പർ : 23150452037700661594/16.10.2023 (₹3,72,788/-) ബിൽ നമ്പർ : 23150452037700661590/16.10.2023 (₹4,00,000/-) Duration : 3 Month (As Per TS Slip) TS No : LSGD/CELSGD/EST_TS /24244/2023_5_1_1 Dated : 04.04.2023	02.06.2023	01.09.2023	29.09.2023	02.09.2023 മുതൽ 28.09.2023 വരെ : ₹2,010/- (6,773.48*27/91) **ആകെ : ₹2,010/-**	03/23-24/ 25.10.2024
4	എൻ എച്ച് നടുവോടിത്തറ റോഡ് വാർഡ് 17 പ്രോജക്റ്റ് നമ്പർ : 270/24 അടങ്കൽ തുക : 5,00,000/- ഫണ്ട് : തനത് ഫണ്ട് കരാറുകാരൻ : മനോജ് കുമാർ ടി വി പ്രൈസ് ഐഡി : 95538/2022 കരാർ : 22/AE/LSGD /TVNR/2022-23 Dated 15.02.2023 PAC : ₹4,22,226.12 ചെലവ് തുക : ₹4,61,065/- വൗച്ചർ നമ്പർ : 22300775/22.11.2023 Duration : 6 Month (As Per TS Slip) TS No : LSGD/CELSGD/EST_TS /95538/2022_5_1_1 Dated : 01.12.2022	24.02.2023	23.08.2023	20.10.2023	24.08.2023 മുതൽ 19.10.2023 വരെ : ₹2,616/- (₹4,222.26*57/92) **ആകെ : ₹2,616/**	04/23-24/ 25.10.2024
5	ശാസ്താ റോഡ് പുനരുദ്ധാരണം വാർഡ്-4 പ്രോജക്റ്റ് നമ്പർ : 269/24 അടങ്കൽ തുക : ₹5,00,000/- ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് കരാറുകാരൻ : മനോജ് കുമാർ ടി വി പ്രൈസ് ഐഡി : 4451/2022 കരാർ : 19/AE/LSGD /TVNR/2022-23 Dated 15.02.2023 PAC : ₹4,22,127.39	24.02.2023	23.06.2023	05.10.2023	24.06.2023 മുതൽ 23.09.2023 വരെ : ₹4,221/- (1% Of 4,22,127.39) 24.09.2023 മുതൽ 04.10.2023 വരെ : ₹1,021/- (₹8,442.54*11/91) **ആകെ : ₹5,242/-**	04/23-24/ 25.10.2024

	ചെലവ് തുക : ₹4,81,920/- വൗച്ചർ നമ്പർ : XVFC/2023-24/P/8/ 26.10.2023 Duration : 4 Month (As Per TS Slip) TS No : LSGD/CELSGD/EST_TS /4451/2022_5_1_1 Dated: 31.08.2022					
6	മല്ലിക്കുളം റോഡ് റീടാറിംഗ് പ്രോജക്റ്റ് നമ്പർ : 255/24 അടങ്കൽ തുക : ₹5,04,713/- ഫണ്ട് : ₹5,00,000/-(മെയിന്റനൻസ് റോഡ്) + ₹4,713/- (തനത് ഫണ്ട്) കരാറുകാരൻ : പ്രേമാനന്ദൻ കെ പി എം ബുക്ക് : 01/2022-23 കരാർ : 32/AE/LSGD /TVNR/2021-22 Dated 06.01.2022 PAC : ₹4,45,966.57 ചെലവ് തുക : ₹5,00,000/- ബിൽ നമ്പർ : 231504520377001383 93/29.05.2023 Duration : 6 Month (As Per TS Slip) TS No : LSGD/TS/2021-22/40922 Dated: 27.01.2021	06.01.2022	05.07.2022	10.03.2023	06.07.2022 മുതൽ 05.10.2022 വരെ : 4,460/- (1% Of 4,45,966.57) 06.10.2022 മുതൽ 05.01.2023 വരെ : 8,919/- (2% Of 4,45,966.57) 06.01.2023 മുതൽ 09.03.2023 വരെ : ₹6,243/- (8,919*63/90) **ആകെ : ₹19,622/-**	05/23-24/ 25.10.2024
7	മാങ്കുളം നവീകരണം വാർഡ്-12 പ്രോജക്റ്റ് നമ്പർ : 279/24 അടങ്കൽ തുക : ₹10,00,000/- [₹4,29,875/- (2023-24)] ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് (₹4,26,800) + തനത് (₹3,075) കരാറുകാരൻ : പ്രേമാനന്ദൻ കെ പി എം ബുക്ക് : 2/2022-23 ,05/2022-23 കരാർ : 1/AE/LSGD /TVNR/2022-23 Dated 11.05.2022 PAC : ₹8,88,574.66 ചെലവ് തുക : ₹2,88,797/-(2023-24) വൗച്ചർ നമ്പർ : XVFC/2023-24/P/2/ 05.07.2023 Duration : 6 Month (As Per TS Slip) TS No : LSGD/TS/2021-2022 /98488 Dated: 30.11.2021	11.05.2022	10.11.2022	10.04.2023	11.11.2022 മുതൽ 10.02.2023 വരെ : ₹8,886/- (1% Of 8,88,574.66) 11.02.2023 മുതൽ 09.04.2023വരെ : ₹11,452/- (17,771*58/90) **ആകെ : ₹20,338/-**	05/23-24/ 25.10.2024
8	മറവഞ്ചേരി ജി.എൽ.പി സ്കൂളിന് മഴമറ പ്രോജക്റ്റ് നമ്പർ : 322/24 അടങ്കൽ തുക : ₹8,10,766/- ഫണ്ട് : തനത് ഫണ്ട് കരാറുകാരൻ : രാജേഷ് എ ഭാസ്കർ പ്രൈസ് ഐഡി : 52149/2022 കരാർ : 03/AE/LSGD /TVNR/2023-24 Dated 16.05.2023	26.05.2023	25.11.2023	31.01.2024	26.11.2023 മുതൽ 30.01..2024 വരെ : ₹5,554/- (7,625.84*67/92) **ആകെ : ₹5,554/-**	06/23-24/ 25.10.2024

	PAC : ₹7,62,584.43 ചെലവ് തുക : ₹7,61,698/- വൗച്ചർ നമ്പർ : 22301409/24.03.2024(361698/-) 22301405/25.03.2024 (4,00,000/-) Duration : 6 Month (As Per TS Slip) TS No : LSGD/CELSGD/EST_TS /52149/2022_5_1_1 Dated : 30.03.2023					
9	ജി.യു.പി സ്കൂൾ വെള്ളാഞ്ചേരി അറ്റകുറ്റപ്പണികൾ പ്രോജക്റ്റ് നമ്പർ : 247/24 അടങ്കൽ തുക : ₹4,00,000/- ഫണ്ട് : ₹1,00,000/-(തനത്) + 3,00,000/-(മെയിന്റനൻസ് നോൺ റോഡ്) കരാറുകാരൻ : രാജേഷ് എ ഭാസ്കർ പ്രൈസ് ഐഡി : 24430/2023 കരാർ : 13/AE/LSGD /TVNR/2023-24 Dated 14.08.2023 PAC : ₹3,37,914.94 ചെലവ് തുക : ₹3,11,299/- (2023-24) + 47,936/-(2024-25) ബിൽ നമ്പർ : 23150452037701448328/22.03.2024 (₹3,00,000) വൗച്ചർ നമ്പർ : 22301427/ 27.03.2024 (₹11,299) Duration : 3 Month (As Per TS Slip) TS No : LSGD/CELSGD/EST_TS /24430/2023_5_1_1 Dated: 19.05.2023	24.08.2023	23.11.2023	23.03.2024	24.11.2023 മുതൽ 23.02.2024 വരെ : ₹3,379/- (1% Of 3,37,914.94) 24.02.2024 മുതൽ 22.03.2024 വരെ : ₹2,102/- (6,758*28/90) **ആകെ : ₹5,481/-**	06/23-24/ 25.10.2024
10	നടക്കാവ് നിസ്കാരപ്പള്ളി വരദൂർ കായൽ റോഡ് കോൺക്രീറ്റിംഗ് പ്രോജക്റ്റ് നമ്പർ : 249/24 അടങ്കൽ തുക : ₹3,00,000/- ഫണ്ട് : തനത് ഫണ്ട് കരാറുകാരൻ : സുധീഷ് എ വി പ്രൈസ് ഐഡി : 53683/2022 കരാർ : 15/AE/LSGD /TVNR/2022-23 Dated 04.02.2023 PAC : ₹2,53,406.47 ചെലവ് തുക : ₹2,30,543/- വൗച്ചർ നമ്പർ : 22301210/29.02.2024 Duration : 4 Month (As Per TS Slip) TS No : LSGD/CELSGD/EST_TS /53683/2022_5_1_1 Dated: 10.10.2022	14.02.2023	13.06.2023	31.01.2024	14.06.2023 മുതൽ 13.09.2023 വരെ : ₹2,534/- (1% Of 2,53,406.47) 14.09.2023 മുതൽ 13.12.2023വരെ : 5,068/- (2% Of 2,53,406.47) 14.12.2023 മുതൽ 30.01.2024വരെ : ₹2,673/- (5,068*48/91) **ആകെ : ₹10,275/-**	07/23-24/ 25.10.2024
11	ഇ.യു.ജി തൃപ്പാലൂർ റോഡ് നവീകരണം പ്രോജക്റ്റ് നമ്പർ : 251/24 അടങ്കൽ തുക : ₹5,00,000/- ഫണ്ട് : മെയിന്റനൻസ് റോഡ് കരാറുകാരൻ : സുധീഷ് എ വി	30.03.2023	29.09.2023	11.03.2024	30.09.2023 മുതൽ 29.12.2023 വരെ : ₹4,236/- (1% Of 4,23,597.21) 30.12.2023 മുതൽ 10.03.2024	07/23-24/ 25.10.2024

	പ്രൈസ് ഐഡി : 52136/2022 കരാർ : 33/AE/LSGD /TVNR/2022-23 Dated 20.03.2023 PAC : ₹4,23,597.21 ചെലവ് തുക : ₹3,48,384/- ബിൽ നമ്പർ : 23150452037701418930/20.03.2024 Duration : 6 Month (As Per TS Slip) TS No : LSGD/CELSGD/EST_TS /52136/2022_5_1_1 Dated: 06.02.2023				വരെ : ₹4,003/- (8471*43/91) **ആകെ : ₹8,239/-**	
12	മറവഞ്ചേരി എടപ്പാടം റോഡ് പുനരുദ്ധാരണം പ്രോജക്റ്റ് നമ്പർ : 256/24 അടങ്കൽ തുക : ₹5,00,000/- ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് കരാറുകാരൻ : സുധീഷ് എ വി പ്രൈസ് ഐഡി : 4234/2022 കരാർ : 13/AE/LSGD /TVNR/2022-23 Dated 01.02.2023 PAC : ₹4,23,234.78 ചെലവ് തുക : 3,87,776/- ബിൽ നമ്പർ : XVFC/2023-24 /P/20/01.01.2024 Duration : 4 Month (As Per TS Slip) TS No : LSGD/CELSGD/EST_TS /4234/2022_5_1_1 Dated: 30.08.2022	11.02.2023	10.06.2023	13.12.2023	11.06.2023 മുതൽ 10.09.2023 വരെ : ₹4,232/- (1% Of 4,23,234.78) 11.09.2023 മുതൽ 10.12.2023 വരെ : ₹8,464/- (2% Of 4,23,234.78) 11.12.2023 മുതൽ 12.12.2023 വരെ : ₹186/- (8,464*2/91) **ആകെ : ₹12,882/-**	07/23-24/ 25.10.2024

മേൽ പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഈടാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുകയോ തുക തിരിച്ചടവാക്കി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻകൃയറികൾക്ക് പിഴ തിരിച്ചീടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. തുക തിരിച്ചീടാക്കി രശീതി സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 MGNREGS - സിമന്റ് വാങ്ങുന്നതിന് അധിക നിരക്ക് നൽകി.

2023-24 സാമ്പത്തിക വർഷത്തിൽ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. വിവിധ തിയ്യതികളിൽ ടെണ്ടർ നടത്തി വിവിധ വെണ്ടർമാരിൽ നിന്നും ഒരു ചാക്ക് സിമന്റിന് 582 മുതൽ 640 വരെ നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ 375/- മുതൽ 410/- രൂപവരെയാണ് ഒരുചാക്ക് സിമന്റിന് വിവിധ ബ്രാന്റുകളുടെ മാർക്കറ്റ് വില.

MGNREGS -ന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE എന്ന സോഫ്റ്റ്വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (50kg Bag ന് ₹640/-വരെ) വളരെ കൂടുതലാണ് എന്നും, തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിനു് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്നും MGNREGS ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNREGS മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ നിർദേശപ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിനു് യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്വെയറിൽ ഉള്ള നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ച് സിമന്റ് വാങ്ങിയിട്ടുള്ളത്. ആയത് മൂലമുണ്ടായിട്ടുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	സിമന്റിന്റെ അളവ് (Tonne/Bag)	സിമന്റ് വാങ്ങിയതിന് നൽകിയ തുക (₹)		സിമന്റ് വാങ്ങിയതിന് നൽകാവുന്ന തുക (₹)		അധികം നൽകിയ തുക (₹)
			ഒരു Tonne / ഒരു ചാക്ക് –	ആകെ	ഒരു Tonne/ ഒരു ചാക്ക് –	ആകെ	

			ന്റെ വില		ന്റെ വില		
1	ടോയ്‌ലറ്റ് നിർമ്മാണം അംഗൻവാടി നമ്പർ 7 വാർഡ് 2, Work Code 1605010003/RS /376292 [വെണ്ടർ- Royal Associates ,അതളൂർ] ടെണ്ടർ തിയ്യതി :10.02.2023	1.72 / 34.4 Bags	12,544 / 627.2	21,575.68	8,200 / 410	14,104.00	7,471.68
2	NH കാവതിയോടിൽ പറമ്പിൽ പ്രേമലതപ്പടി റോഡ് കോൺക്രീറ്റ് Work Code 1605010003/RC /394274 [വെണ്ടർ- F S Marketting ,തൃക്കണാപുരം] ടെണ്ടർ തിയ്യതി : 24.08.2023	11.1456/ 222.912 Bags	11,648 / 582.4	1,29,823.95	8,200 / 410	91,393.92	38,430.03
3	സബ്‌സെന്റർ മുതൽ പുറമ്പോക്ക് വരെ നടപ്പാത വാർഡ് 19 Work Code 1605010003/RC /394476 [വെണ്ടർ- F S Marketting ,തൃക്കണാപുരം] ടെണ്ടർ തിയ്യതി : 24.08.2023	10.4640/ 209.28 Bags	11,648 / 582.4	1,21,884.67	8,200 / 410	85,804.80	36,079.87
